

നാരായൺസുർവേ
മറാഠി കവിത / വിവ:കെ.പി. ജയശങ്കർ

# മുംബൈ

**തോ**ളിലൊരു കമ്പിളിയുമേറ്റി
സഹ്യാദ്രി മലയിറമ്പിറങ്ങി എന്റെ അച്ഛൻ
നിന്നു നിൻ വാതിലിൽ സ്വന്തം അദ്ധ്വാനവുമേന്തി.
അച്ഛൻ എപ്പോൾ വരും, എപ്പോൾ പോകും
എന്നറിവ് എന്റെ അമ്മക്കുമാത്രമുള്ളൊരാ
പഴകി ജീർണിച്ച വീട്ടിലാണൊരുരാത്രി എന്റെ ജന്മം.
ശമ്പളദിവസം കുടിച്ചു പൂസായി വേച്ചു
വീട്ടിലച്ഛൻ ഇടിച്ചുകയറുമ്പോൾ
അമ്മ പേടിച്ചൊരുകോണിലൊളിച്ചു വിറക്കും പാവം.
അടുത്തുവിളിച്ചെന്നെ മുകളിലേക്കെറിഞ്ഞു പിടിക്കും
അലങ്കോലമായ മുടി വകഞ്ഞ് ഉറക്കെ ചിരിക്കും
ചിലപ്പോളൊക്കെ പതിയും അഞ്ചു വിരൽപ്പാടുകളെന്റെ കവിളിൽ.
ഞങ്ങളോടതിവാത്സല്യം
ഒരുനാൾ പോലുമെന്നാലും ഹേ നഗരമേ!
നിന്റെ സേവനം കൈവിട്ടില്ലൊരിക്കലും.
ഓർമ്മവച്ചനാൾമുതൽ പോയി
ചോറ്റുപാത്രവുമായ് യന്ത്രത്തറിയിൽ
കൊല്ലൻ തൻ ചുറ്റിക പണിയുമ്പോൾ പണിതുവെച്ചെന്നെയും.
പഠിച്ചു തറിയിൽ നൂൽ കോർക്കാൻ
നിറയ്ക്കാൻ ബോബ്ബിൻ നെയ്തുകോലിൽ
സമയം വരുമ്പോൾ അവകാശങ്ങൾക്കായി പണിമുടക്കാനും.
ഇവിടെ ഈ സാഗരതീരത്തന്ത്യശ്വാസം വലിച്ചെന്റച്ഛനും
ആ തറിയിൽത്തന്നെ ജോലിക്കുവെച്ചു
ആസ്തമാക്കാരൻ തലയാൾ എന്നെയും.
വികൃതിക്കുട്ടി തട്ടിയൊഴിച്ച
മഷിക്കുപ്പിപോലുള്ള നീലക്കടൽ
അന്നത്തെ ഓർമ്മകളിൽ തേങ്ങുന്നു എന്നിലെ കുട്ടി.
തുറമുഖക്കടവിൽ ചരക്കിറക്കുന്ന
കറുത്ത അധ്വാനവിയർപ്പൂറിയ കാലുകൾ
കേട്ടു വെള്ളത്തിൽ ഞാനവയുടെ താളം.
വാങ്കുവിളി കേൾക്കുമ്പോളിന്നും ശരീരമാകെ രോമാഞ്ചം
മൗലവിയുടെയും ഫക്കീറിന്റെയും
ഭീതിപ്പെടുത്തുന്ന ഓർമ്മകളെന്നെ വീട്ടിലേക്കോടിക്കുന്നു.
ഞാനാണ്, ഞങ്ങളാണ് നിന്റെ വാസ്തുശിൽപ്പകാരൻ,
നിന്റെയീ സൗന്ദര്യം, ഹേ നഗരി! ദിനംപ്രതി കൂട്ടുന്നത്.

---



*അടിക്കുറിപ്പ്*

*നമ്മുടെ നഗരങ്ങളുടെ അടിത്തൂണുകളായ പ്രവാസി/ അസംഘടിത തൊഴിലാളികളാകെ പാർശ്വവത്കരിക്കപ്പെടുന്ന ഈ വിഷമകരമായ മഹാമാരിയുടെ കാലത്തിൽ, പ്രസിദ്ധനായ മറാഠി കവിയായ നാരായൺ സുർവേയുടെ (1926–2010) ഈ കവിത നമ്മുടെയീ നഗരങ്ങളുടെ "വാസ്തുശിൽപകാരികളുടെ" സംഭാവനകളുടെ അംഗീകാരമാണ്.*